29.06.2024

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/06/2024

1. കൃഷി വകുപ്പിൻറെ കീഴിൽ, ഗുണമേന്മയുള്ള മെച്ചപ്പെട്ടയിനം ടിഷ്യൂ കൾച്ചർ വാഴ തൈകൾ ഉല്പാദിപ്പിച്ചു കർഷകർക്ക് വിതരണം ചെയ്യുന്ന ഒരു പ്രധാന സ്ഥാപനമാണ് കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോ ടെക്നോളജി ആൻറ് മോഡൽ ഫ്ലോറികൾച്ചർ സെൻ്ററർ. (BMFC). വിവിധ ഇനങ്ങളിൽപ്പെട്ട ടിഷ്യൂ കൾച്ചർ വാഴ തൈകൾ ഇവിടെ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നു. നിലവിൽ നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യൂകൾച്ചർ വാഴതൈകൾ വില്പ്പനക്ക് ലഭ്യമാണ്. വാഴ ഒന്നിന് 20 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് കർഷകർ 0471 – 2413739 എന്ന ഫോൺ നമ്പറിലോ bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

2. പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് തൊഴിൽ സംരംഭം തുടങ്ങാൻ പട്ടികവർഗ്ഗ വികസന വകുപ്പും പൊതുമേഖലാസ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയും സംയുക്തമായി ചേർന്ന് സംശുദ്ധവും സംപുഷ്ടവുമായ എംപിഐയുടെ ഇറച്ചിയും ഇറച്ചി ഉൽപ്പന്നങ്ങളുടെയും വിപണനം നടത്താനുള്ള ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നു. ഒരു ഗുണഭോക്താവിന് സൗജന്യമായി 3 ലക്ഷം രൂപയുടെ മുതൽമുടക്കിലാണ് മീറ്റ് ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നത്. പ്രവർത്തന മൂലധനവും വാടകമുറിക്കുള്ള സെക്യൂരിറ്റി തുകയും ഇതിൽ ഉൾപ്പെടും. വൈദ്യുതി കണക്ഷനുള്ള 100 Sq വിസ്തീർണ്ണമുള്ള കടമുറി വാടകയ്ക്കോ സ്വന്തമായോ ഗുണഭോക്താവ് കണ്ടെത്തി അറിയിക്കണം. ആകെ 10 പേർക്കാണ് ഇപ്പോൾ ഈ ആനുകൂല്യം നൽകുന്നത്. അപേക്ഷകൾ അതത് ജില്ലകളിൽ ഡെവലപ്മെൻ്റ് ഓഫീസറുടെ ശുപാർശകളോടെ ലഭിക്കേണ്ട അവസാന തീയതി

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

31/07/2024. കൂടുതൽ വിവരങ്ങൾക്ക് അസിസ്റ്റന്റ് മാനേജർ (മാർക്കറ്റിംഗ്), എം പി ഐ ലിമിറ്റഡ്, എടയാർ പി.ഒ, കൂത്താട്ടുകുളം. കൂടുതൽ വിവരങ്ങൾക്ക് 8281110007 എന്ന ഫോൺ നമ്പറിലോ mpiedayarmkt@gmail.com എന്ന ഇമെയിൽ വിലാസത്തിലോ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

3. പഠനത്തോടൊപ്പം സ്റ്റൈപെൻറ് ലഭിക്കുന്ന Skill Vigyan Programme എന്ന പരിപാടി എം എസ് സ്വാമിനാഥൻ ഗവേഷണ നിലയം സംഘടിപ്പിക്കുകയാണ്. കൂൺ ഉത്പാദനം, ടിഷ്യൂ കൾച്ചർ, ജൈവ കൃഷി എന്നിങ്ങനെ മൂന്നു വിഷയങ്ങളിൽ 390 മണിക്കൂർ നീണ്ടു നിൽക്കുന്ന കോഴ്സ് ആയിട്ടാണ് പരിപാടി ക്രമീകരിച്ചിരിക്കുന്നത്. ഓരോ വിഷയത്തിലും 20 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. പ്ലസ്ടു അടിസ്ഥാന യോഗ്യത ഉള്ള ആർക്കും പരിപാടിയിൽ പങ്കെടുക്കുക. കൂടുതൽ വിവരങ്ങൾക്ക് 9496279650, 9388020650 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്കായുള്ള അക്വാകൾച്ചർ പരിശീലന പരിപാടിയിലേക്ക് 20 നും 30 നും ഇടയ്ക്ക് പ്രായമുള്ള പരിശീലനാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പരിശീലനാർത്ഥികൾ ബി.എസ്.സി. അക്വാകൾച്ചർ അല്ലെങ്കിൽ വി.എച്ച്.എസ്.ഇ. അക്വാകൾച്ചർ വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണം. മത്സ്യത്തൊഴിലാളി വിഭാഗത്തിൽപെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കും. ഫിഷറീസ് വകുപ്പിനു കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ഫാമുകളിലും ഹാച്ചറികളും മറ്റു ട്രെയിനിങ് സെന്ററുകളിലുമായിരിക്കും പരിശീലനം. 6 പേർക്ക് മാത്രമായി നിജപ്പെടുത്തിയ പരിശീലത്തിന്റെ കാലാവധി 8 മാസമായിരിക്കും. പ്രസ്തുത കാലയളവിൽ പ്രതിമാസം 10000

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

രൂപ സ്റ്റൈപ്പന്റ് അനുവദിക്കും. താല്പര്യമുള്ളവർ ജൂലൈ 10നു മുമ്പായി നിർദിഷ്ട മാതൃകയിലുള്ള അപേക്ഷ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഓഫീസ് (ട്രെയിനിംഗ്) കിഴക്കേ കടുങ്ങല്ലൂർ, യു സി കോളേജ് പി.ഒ, ആലുവ എന്ന വിലാസത്തിലോ ഓഫീസിന്റെ ഇമെയിൽ (nifamaluva@gmail.com) മുഖേനയോ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറം ഫിഷറീസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. അവസാന തിയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷ പരിഗണിക്കുന്നതല്ല.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ജൂലൈ 17 ന് ആരംഭിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ജൂലൈ 16 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ജൂലൈ 17 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.